(6) കിഫ്ബി വഴി സ്വരൂപിക്കുന്ന പണം വകമാറ്റൽ സംബന്ധിച്ച്

2018 മാർച്ച് മാസം 21-ാം തീയതി റിപ്പോർട്ട് സമർപ്പണത്തിന് മുമ്പായി, ധനകാര്യ വകുപ്പിന്റെ ഉത്തരവിലൂടെ കിഫ്ബിയുടെ അക്കൗണ്ടിലുള്ളതും ഒരു കാരണവശാലും കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടാൻ പാടില്ലാത്തതുമായ തുക കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയത് കിഫ്ബി ആക്ടിലെ വ്യവസ്ഥകൾക്കും ധനകാര്യ വകുപ്പുമന്ത്രിയുടെ 2016-17-ലെ ബഡ്ജറ്റ് പ്രഖ്യാപനത്തിനും വിരുദ്ധമാണെന്നും നിയമസഭാ ചോദ്യത്തിന് നൽകിയ ഉത്തരത്തിലും അടിസ്ഥാനസൗകര്യ വികസനത്തിനായി സ്വരൂപിച്ച തുക യഥാർത്ഥ ചെലവു വഹിക്കാതെ ട്രഷറിയിൽ സൂക്ഷിച്ചിരുന്നുവെന്ന് വ്യക്തമാണെന്നും 1999-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി നിയമത്തിലെ വ്യവസ്ഥകൾക്കും സ്പീക്കറുടെ നിർദ്ദേശങ്ങൾക്കും വിരുദ്ധമായ സർക്കാരിന്റെയും ധനകാര്യ വകുപ്പുമന്ത്രിയുടെയും നടപടി ക്രമരഹിതമാണെന്നതിനാൽ ഇതു സംബന്ധിച്ച് റൂളിംഗ് നൽകണമെന്നും ഒരംഗം ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ നൽകുന്ന പലതരത്തിലുള്ള ഫണ്ടുകളും കിഫ്ബി

സമാഹരിക്കുന്ന ഫണ്ടുകളുമാണ് അടിസ്ഥാനപരമായി കിഫ്ബിക്കുള്ളതെന്നും ഈ ഫണ്ടിന്റെ ഒരു ഭാഗം ട്രഷറിയിൽ സൂക്ഷിച്ചത് പൂർണ്ണമായും ക്രമപ്രകാരമാണെന്നും ബഡ്ജറ്റ് വിഹിതത്തിൽ നിന്നും സർക്കാർ റിലീസ് ചെയ്യുന്ന തുകയൊഴികെ മറ്റു പണമെല്ലാം ബോർഡിന്റെ അംഗീകാരത്തോടെ ദേശസാൽകൃത ബാങ്കുകളിലോ സോവറിൻ ബോണ്ടുകളിലോ മറ്റു പ്രൂഡന്റ് ഇൻവെസ്റ്റ്മെന്റുകളിലോ നിക്ഷേപിക്കണമെന്നാണ് നിയമഭേദഗതിയിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതെന്നും ബഡ്ജറ്റ് വിഹിതമായി റിലീസ് ചെയ്യുന്ന പണം ട്രഷറിയിൽ നിക്ഷേപിക്കാൻ പാടില്ലെന്ന് ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടില്ലെന്നും സർക്കാരിൽ നിന്നും നൽകുന്ന പണം ട്രഷറിയിൽ സൂക്ഷിക്കാമെന്ന് പ്രൊവൈസോയിൽ വ്യക്തമാക്കിയതു പ്രകാരമുള്ള നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും കിഫ്ബി സമാഹരിക്കുന്ന പണം സർക്കാർ ട്രഷറിയിൽ നിക്ഷേപിക്കുകയോ ഡിപ്പാർട്ട്മെന്റുകൾ വഴി ചെലവഴിക്കുകയോ ചെയ്യുന്നതല്ലെന്നും ധനകാര്യവും കയറും വകുപ്പുമന്ത്രി വിശദീകരണം നൽകുകയുണ്ടായി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയും പ്രകാരം റൂളിംഗ് നൽകി.*

"സർക്കാർ ചില പ്രത്യേക കാര്യങ്ങളിൽ സ്വീകരിക്കുന്ന നിലപാട് സംബന്ധിച്ച് ചട്ടപ്രകാരം ക്രമപ്രശ്നങ്ങൾ അനുവദനീയമല്ലെങ്കിലും ധനകാര്യ വകുപ്പുമന്ത്രി സഭയിൽ പറഞ്ഞതിനു വിരുദ്ധമായ നടപടി ധനകാര്യ വകുപ്പ് സ്വീകരിച്ചു എന്ന ആക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ഈ ക്രമപ്രശ്നം ഉന്നയിക്കാൻ അനുവദിച്ചത്. നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായ ഒരു നടപടിയും ധനകാര്യ വകുപ്പ് സ്വീകരിച്ചിട്ടില്ലെന്ന് ധനകാര്യ വകുപ്പുമന്ത്രി വിശദമാക്കിയതിന്റെ അടിസ്ഥാനത്തിൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് റൂൾ ചെയ്യുന്നു."

---

* XIV KLA X Session Vol. No. 171/No. 15 dated 21.03.2018